**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4872** **13-03-2023 - ൽ മറുപടിയ്ക്ക്**

**എം.എസ്.വിശ്വനാഥൻ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എം.എസ്.വിശ്വനാഥൻ സ്മാരകം നിർമ്മാണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സംഗീത സംവിധായകനായിരുന്ന ശ്രീ. എം. എസ്. വിശ്വനാഥന്റെ സ്മരണാർത്ഥം പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്മാരകം നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ രൂപരേഖ സഹിതം ബഹു. എം.എൽ.എ ശ്രീ. എ. പ്രഭാകരൻ സാംസ്കാരിക വകുപ്പ് മന്ത്രിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിന്മേൽ ഭൂമി സംബന്ധിച്ച വിവരങ്ങൾ, നിർമ്മിക്കാനുദ്ദേശിക്കുന്ന സ്മാരകത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് (പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയത്) തുടങ്ങിയ വിവരങ്ങൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സ്മാരകം എം.എസ്.വിശ്വനാഥന്റെ ജന്മ ദേശമായ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കണമെന്നും ഇതിനായി പഞ്ചായത്തിന്റെ സ്ഥലം വിട്ടുനൽകാമെന്നും കാണിച്ച് എലപ്പുള്ളി പഞ്ചായത്ത് നൽകിയ അപേക്ഷയിന്മേൽ സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | സംഗീത സംവിധായകനായിരുന്ന ശ്രീ. എം. എസ്. വിശ്വനാഥന്റെ സ്മരണാർത്ഥം പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്മാരകം നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ രൂപരേഖ സഹിതം ബഹു. എം.എൽ.എ ശ്രീ. എ. പ്രഭാകരൻ സാംസ്കാരിക വകുപ്പ് മന്ത്രിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിന്മേൽ ഭൂമി സംബന്ധിച്ച വിവരങ്ങൾ, നിർമ്മിക്കാനുദ്ദേശിക്കുന്ന സ്മാരകത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് (പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയത്) തുടങ്ങിയ വിവരങ്ങൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ